പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2463 | 23.01.2014 ൽ മറുപടിക്ക്

## സംസ്ഥാനത്ത് വാൻ (WAN) പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. എ. വാഹീദ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാൻ (WAN) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് KSWAN (കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്) എന്ന പദ്ധതി ജൂൺ 2008 മുതൽ പ്രവർത്തിച്ചു വരുന്നു. ഇത് പ്രകാരം 14 ജില്ലാ ആസ്ഥാനങ്ങളിലും 152 ബ്ലോക്ക് ഓഫീസുകളിലും, 63 മിനി സിവിൽ സ്റ്റേഷനുകളിലും KSWAN POP (Point of Presence ) സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ നിന്നും 3236 സർക്കാർ ഓഫീസുകളിൽ KSWAN കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | വിവിധ വകുപ്പുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ (SDC) സ്ഥാപിച്ചിട്ടുള്ള സെർവറുകളിൽ നിന്നും അതിവേഗ ഡാറ്റാ ട്രാൻസ്ഫർ, വീഡിയോ കോൺഫറൻസിങ്, വോയിസ് സർവീസുകൾ, സർക്കാർ വെബ് സൈറ്റുകൾ എന്നിവ ഇതിലൂടെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് KSWAN പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) | വിവിധ സർക്കാർ ഓഫീസുകൾക്ക് യഥേഷ്ടം വീഡിയോ കണക്റ്റിവിറ്റി സാധ്യമാക്കാനും ഒരേ കെട്ടിട സമുച്ചയത്തിലെ വിവിധ വകുപ്പുകളെ ഓപ്റ്റിക് ശൃംഖല വഴി ബന്ധിപ്പിക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് | (സി) | തിരുവനന്തപുരം വികാസ് ഭവനിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകൾ തമ്മിൽ ഓപ്റ്റിക്കൽ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലേക്കായി പ്രത്യേക നെറ്റ്‌വർക്ക് കൺ ട്രോൾ റൂം |

| | | | |
|---|---|---|---|
| | പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദമാക്കുമോ ; | | സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം പബ്ലിക് ഓഫീസിൽ ഇതിന്റെ പണി പൂർത്തികരിച്ച് വരുന്നു. എല്ലാ മിനി സിവിൽ സ്റ്റേഷനുകളിലും 100mbps ലാൻ (LAN) വഴി ഓഫീസുകൾ ബന്ധിപ്പിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിങ് സംവിധാനം എല്ലാ സിവിൽ സ്റ്റേഷനുകളിലും സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ ഓഫീസ് സമുച്ചയങ്ങളിലും ഈ പദ്ധതി നടപ്പാക്കുവാൻ നട പടി എടുക്കുമോ;വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | KSWANകണക്ടിവിറ്റി ആവശ്യപ്പെടുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് അടുത്തുള്ള POP((Point of Presence)ൽ നിന്നും വയർ ലെസ്സ്, BSNL ലൈൻ, Local Area Network(ലാൻ) എന്നീ മാർഗങ്ങളിൽ കൂടി പ്രായോഗികത അനുസരിച്ച് കണക്ടിവിറ്റി നൽകി വരുന്നുണ്ട്. കേരളത്തിലെ 14 സിവിൽ സ്റ്റേഷനുകളിലെ ഓഫീസുകൾ ഒപ്റ്റിക്കൽ ശൃംഖല വഴി KSWAN-മായി ബന്ധിപ്പിക്കുന്ന കാര്യവും പരിഗണിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ